**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം വർദ്ധിപ്പിച്ചും പ്രസവാവധി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(ആർ.റ്റി)നം.971/2015/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,28/03/2015**

---

പരാമർശം:- 1)28/01/2015 ൽ കൂടിയ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ്.

2) 21/02/2015 ലെ സ.ഉ.(സാധാ) നം.526/15/തസ്വഭവ .

## ഉത്തരവ്

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സേവനമനുഷ്ഠിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം നിലവിലുള്ള 6000/- രൂപയിൽ നിന്നും 01/06/2014 മുതൽ പ്രാബല്യത്തിൽ 10,000/- രൂപയായി വർദ്ധിപ്പിച്ച് നൽകാൻ മുനിസിപ്പാലിറ്റികൾക്ക്/ കോർപ്പറേഷനുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു. വർദ്ധിപ്പിച്ച 4000/- രൂപ അതാത് മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്. പാലിയേറ്റീവ് കെയറിന് വേണ്ടി പദ്ധതി തയ്യാറാക്കി അംഗീകരിച്ച ശേഷം ഇക്കാര്യത്തിനു വേണ്ടി ഫണ്ട് ചെലവിടുവാൻ.
2. പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 3 മാസത്തെ പ്രസവാവധി അനുവദിക്കാവുന്നതാണ്.

3. പാലിയേറ്റീവ് കെയർ നഴ്സുമാരെ മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കാൻ പാടില്ല. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പുന പരിശോധിക്കേണ്ടതാണ്.

4. പാലിയേറ്റീവ് കെയർ നഴ്സുമാർ ബഹുഭൂരിപക്ഷവും യോഗ്യതയുള്ളവരല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ നഴ്സിംഗ് യോഗ്യതയുള്ളവരും പാലിയേറ്റീവ് മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരും കഴിയുന്നതും അതാത് മുനിസിപ്പാലിറ്റികളിൽ/കോർപ്പറേഷനുകളിൽ നിന്നുള്ളവരുമായവരെ നിയമിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഫിന്നി സക്കറിയ

അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണവകുപ്പ്
എല്ലാ നഗരസഭ ചെയർമാൻ/ചെയർ പേഴ്സൺ/സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സി.ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ